# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 7021** **02.11.11-ൽ മറുപടിക്ക്**

**വൈക്കം - തലയോലപറമ്പ് റോഡ് അറ്റകുറ്റപ്പണി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. അജിത് : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (മരാമത്ത് വകുപ്പു മന്ത്രി) |
| (എ) വൈക്കം- പൂത്തോട്ട - കാഞ്ഞിരമറ്റം-നീർപ്പാറ-തലയോലപറമ്പ് റോഡ് എൻ.എച്ച്. വിഭാഗം നിർമ്മാണം നടത്തിക്കൊണ്ടിരിക്കുന്നതിന്മേൽ എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ ; ; | (എ) ഇല്ല. |
| (ബി) കരാർ പ്രകാരം ഈ റോഡ് എത്ര നാൾ കൊണ്ട് പൂർത്തിയാക്കാൻ കഴിയും ; | (ബി) 18 മാസം കൊണ്ട് പൂർത്തിയാക്കാൻ കഴിയും. കരാർ പ്രകാരം പണി പൂർത്തിയാക്കേണ്ടത് 24.12.2011-ൽ ആണ്. |
| (സി) തലയോലപറമ്പ് നീർപ്പാറ ഭാഗത്തെ കുഴികൾ നികത്തുന്ന നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ ; | (സി) ഉണ്ട്. |
| (ഡി) വൈക്കം -പൂത്തോട്ട - കാഞ്ഞിരമറ്റം-നീർപ്പാറ - തലയോലപറമ്പ് റോഡിന്റെ അലൈൻമെന്റിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ ; | (ഡി) എസ്റ്റിമേറ്റ് എടുത്തിരുന്നത് മുറിഞ്ഞപുഴപാലത്തിലൂടെയാണ്. അത് പുതിയ പാലത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്. മറ്റു മാറ്റങ്ങൾ ഒന്നുമില്ല. |
| (ഇ) പ്രസ്തുത റോഡിന്റെ എ.എസ്. നൽകിയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ; ഇത് പൂർണ്ണമായും കേന്ദ്ര ഫണ്ട് ഉപയോഗിച്ചാണോ എന്നും ഏതു വർഷത്തെ ബഡ്ജറ്റിലാണ് ഇതിന് തുക അനുവദിച്ചതെന്നും വ്യക്തമാക്കുമോ ; | (ഇ) അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷന്റെ പകർപ്പ് അനുബന്ധമായി വയ്ക്കുന്നു. പൂർണ്ണമായും കേന്ദ്ര ഫണ്ട് ഉപയോഗിച്ചാണ് ഈ വർക്ക് ചെയ്യുന്നത് 2009-10-ലെ സെൻട്രൽ ബഡ്ജറ്റിലാണ് തുക അനുവദിച്ചിട്ടുള്ളത്. |
| (എഫ്) ഈ പദ്ധതിക്കായി ബഡ്ജറ്റിൽ അനുവദിച്ച തുക മുഴുവൻ ഈ റോഡിന് തന്നെ ചെലവഴിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ മറ്റേതെങ്കിലും റോഡിനു വേണ്ടി വകമാറ്റിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എഫ്) ഉണ്ട്. |

| | |
|---|---|
| (ജി) പ്രസ്തുത റോഡിന് നിശ്ചിത കാലത്തെ മെയിന്റനൻസ് ഉറപ്പുവരുത്തിയിട്ടുണ്ടോ ; ആയത് എത്ര കാലത്തേയ്ക്കാണ് എന്നും വ്യക്തമാക്കുമോ ? | (ജി) ഈ വർക്കിന്റെ ഡിഫക്ട് ലയബിലിറ്റി പിരീഡ് 1 വർഷമാണ്. |

Lalitha

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.